ടുക്കണമെന്ന് ആഗ്രഹമുണ്ട്. ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. ഇവിടത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എല്ലാപേർക്കും അറിയാം. "നാഴിയുരി പാലു കൊണ്ട് നാടാകെ കല്യാണം, നാലഞ്ചു തുമ്പകൊണ്ട് മാനത്തൊരു പൊന്നോണം" എന്ന രീതിയിലാണ് മുന്നോട്ടുപോകുന്നത്. പക്ഷെ ഇക്കാരണത്താൽ ഖജനാവ് പൂട്ടിയേ അടങ്ങുവെന്ന് നിർബന്ധം പിടിക്കുകയാണെങ്കിൽ എനിക്ക് നോക്കാതിരിക്കാൻ പറ്റുമോ? ഞാനും ഒരു പെൻഷണറാണ്. എനിക്കും ഗുണം കിട്ടുന്ന കാര്യമാണ്. വല്ല വകുപ്പും ഉണ്ടെങ്കിൽ ചെയ്യാതിരിക്കുമോ? ഉത്സവബത്ത ലംപായിട്ട് തന്നാൽപോരേ, ഇത്ര ദിവസത്തെയെന്നു പറഞ്ഞ് കിട്ടണം, ഒരു മാസത്തെ പെൻഷൻ വേണമെന്നാണ് ആവശ്യം. അതിന് ഒരു മാനദണ്ഡം വേണമെന്നുള്ള കാര്യം തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചതാണ്. അത് ചെയ്യാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. അത് ചെയ്യുകയും ചെയ്യും. അതുപോലെ പെൻഷൻ ബില്ലിനെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തു. അതിന്റെ ആവശ്യകത മനസ്സിലാക്കി യഥാവസരം അത് കൊണ്ടുവരുന്നതാണ്.

(5) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിലെ ജീവനക്കാർ നടത്തുന്ന സമരം

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സ് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ്. അവിടത്തെ ജീവനക്കാരുടെ ചില കാര്യങ്ങളെക്കുറിച്ച് ഒരു ലോംഗ്ടേം സെറ്റിൽമെന്റ് ഉണ്ടാക്കി. അവരുടെ ബോണസിനെക്കുറിച്ച് തെരഞ്ഞെടുപ്പുകാലത്ത് ചർച്ച ചെയ്തു. അന്ന് താൽക്കാലികമായി ഒരു തീരുമാനമെടുത്തു. ആ തീരുമാനത്തിൽ അന്ന് പറഞ്ഞത് തൽക്കാലം കഴിഞ്ഞ കൊല്ലത്തിനു തുല്യമായ സംഖ്യ വാങ്ങാനും ബാക്കി കാര്യങ്ങൾ മന്ത്രിയും മറ്റ് ബന്ധപ്പെട്ട വ്യക്തികളും തെരഞ്ഞെടുപ്പിന്റെ ധൃതിയിൽ ആയതിനാൽ സെപ്റ്റംബർ 30-ാം തീയതിക്കുള്ളിൽ തീരുമാനിക്കാമെന്നുമാണ്. ആ കോൺഫറൻസിൽ അങ്ങേയ്ക്ക് വിശ്വസിക്കാവുന്ന അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകൾ ഉണ്ടായിരുന്നു. അങ്ങനെയെടുത്ത തീരുമാനം മാനേജുമെന്റ് കാറ്റിൽ പറത്തിരിക്കുകയാണ്. അന്ന് ഇൻസെന്റീവിനെക്കുറിച്ച് ചർച്ച ചെയ്ത് 30-ാം തീയതിയ്ക്കുള്ളിൽ തീരുമാനമെടുക്കാമെന്നു പറഞ്ഞാണ് പിരിഞ്ഞതെങ്കിലും മാനേജുമെന്റ് അത് ഫുൾ ആന്റ് ഫൈനൽ സെറ്റിൽമെന്റ് എന്ന നിലയ്ക്ക് സംഘടനകൾക്ക് ലെറ്റർ തന്നിരിക്കുകയാണ്. ഇത് സാധാരണ സഹകാര്യ മുതലാളിമാർപോലും അനുവർത്തിക്കാത്ത ഒരു നയമാണ്. ഞാൻ പ്രസിഡന്റായി ഫിനാൻഷ്യൽ എന്റർപ്രൈസസ്സ് എംപ്ലോയീസ് അസോസിയേഷൻ എന്നൊരു അസോസിയേഷൻ അവിടെയുണ്ട്. ശ്രീ. സി.ബി.സി. വാര്യർ പ്രസിഡന്റായിട്ടുള്ള ഒരു സംഘടനയുണ്ട്. അവരും സമരം ചെയ്തു. ഞങ്ങളിന്ന് സൂചനാ പണിമുടക്ക് നടത്തുകയാണ്. എന്തിനാണ് സൂചനാ പണിമുടക്ക്? ഞങ്ങളോട് മാനേജുമെന്റ് പറഞ്ഞ വാക്ക് പാലിക്കാനാണ്. ഇതുപോലുള്ള സ്ഥിതി ഈ സംസ്ഥാനത്ത് ഉണ്ടാകാൻ പാടുണ്ടോ? പെൻഷൻ പദ്ധതിയെ സംബന്ധിച്ച് വളരെക്കാലമായി ചർച്ച നടക്കുകയാണ്. അതിലും ഒരു തീരുമാനവും ആയിട്ടില്ല. ഒരു കാലത്തുമില്ലാത്ത വിധത്തിൽ ജീവനക്കാർ വളരെ ത്യാഗം സഹിച്ച് ഒരു ലോംഗ്ടേം സെറ്റിൽമെന്റ് ഉണ്ടാക്കി. ആ ലോംഗ് ടേം സെറ്റിൽമെന്റിലെ ചില കാര്യങ്ങൾ ഉടൻതന്നെ ഡിസ്കസ് ചെയ്ത് തീർക്കുമെന്ന് പറഞ്ഞിട്ട് അത് ഡിസ്കസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുള്ള സാമാന്യ മര്യാദപോലും മാനേജുമെന്റ് കാണിക്കുന്നില്ല. ഈ ജീവനക്കാരും സമരത്തിലേയ്ക്ക് പോയാൽ ആരാണ് ഉത്തരവാദി? ശ്രീ. സി. ബി.സി. വാര്യർ പ്രസിഡന്റായിട്ടുള്ള സംഘടന ധർണ്ണ നടത്തി. ഞങ്ങളിന്ന് സൂചനാ പണിമുടക്ക് നടത്തുകയാണ്. ഇതാണോ പബ്ലിക് സെക്ടറിലെ ജീവനക്കാരോടുള്ള സർക്കാരിന്റെ നയം? ഈ നയം വച്ചുകൊണ്ടാണോ സർക്കാർ മുന്നോട്ടുപോകുന്നത്? ഇത് അങ്ങയുടെ കീഴിലുള്ള വകുപ്പാണ്. പറഞ്ഞ വാക്കുകൾക്ക് കടലാസിന്റെ വിലപോലും കൊടുക്കാത്ത ഒരു മാനേജുമെന്റാണ്, ഇത് വളരെ ദൗർഭാഗ്യകരമാണ്. ഇതുപോലുള്ള സ്ഥിതി പബ്ലിക് സെക്ടറിൽ വരുന്നത് നല്ലതല്ല. അഞ്ചു മണി കഴിഞ്ഞ് ആറേഴു മണിവരെ ജോലി ചെയ്യുന്ന ജീവനക്കാരാണ്. ഐ.ഡി. ആക്ട് അനുസരിച്ച് ഒരു മണിക്കൂറിന് രണ്ടു മണിക്കൂർ വേജസ്സിന് നിയമപ്രകാരം അർഹതയുള്ള ജീവനക്കാരന് ഇന്നുവരെ ഒരു പൈസപോലും ആ സ്ഥാപനത്തിൽനിന്ന് ഓവർ-ടൈം ക്ളെയിം ചെയ്തിട്ടുണ്ടോ? ഗവണ്മെന്റ് പ്രസ്സിൽ ഇൻസെന്റീവ്സ് കൊടുക്കുന്നു. ഒരു പൈസപോലും ഓവർ-ടൈം ക്ളെയിം ചെയ്യാത്ത, രണ്ടു മൂന്നു മണിക്കൂർ കൂടുതൽ ജോലി ചെയ്യുന്ന ഒരു സ്ഥാപനത്തിലെ ജീവനക്കാരോട് പറഞ്ഞ വാക്കുകൾപോലും പാലിക്കാൻ വൈമുഖ്യം കാണിക്കുന്നു. അതുപോലെ പ്രൊമോഷന്റെ കാര്യത്തിൽ, നോട്ടീസ് കൊടുത്തതിനുശേഷം ഇന്നലെ രാത്രിയിൽ ചില ആളുകൾക്ക് പ്രൊമോഷൻ കൊടുത്തു. അവിടത്തെ പ്യൂൺസിന്റെ കാര്യത്തിൽ യാതൊരു തീരുമാനവുമായിട്ടില്ല. മാനേജുമെന്റ് അനുവർത്തിക്കുന്ന ഇത്തരം തൊഴിലാളിവിരുദ്ധ നയം ആ സ്ഥാപനത്തെ തകർക്കും. അങ്ങ് ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ഇൻസെന്റീവ്സിന്റെ കാര്യം അടിയന്തിരമായി ഡിസ്കസ് ചെയ്ത് തീരുമാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് എംപ്ളോയീസ് അസോസിയേഷൻ ആഹ്വാനം ചെയ്തിരിക്കുന്ന ഇന്നത്തെ പണിമുടക്കിന് ആധാരമായ പ്രശ്നങ്ങൾ അസോസിയേഷന്റെ 1.6.99, 21.8.99, 13.9.99, 18.9.99, 25.10.99 എന്നീ തീയതികളിലെ കത്തുകളിൽ പ്രതിപാദിച്ചിട്ടുണ്ടെന്ന് പണിമുടക്ക് നോട്ടീസിൽ വന്നിട്ടുണ്ട്. ഇതിൽ 1.6.99 ലേയും 18.6.99 ലേയും കത്തുകളിൽ ആവശ്യപ്പെട്ടിരുന്ന ശമ്പള പരിഷ്കരണം ഉടനെ നടപ്പിലാക്കണമെന്നും കുടിശ്ശിക ഉടനെ നൽകണമെന്നുമായിരുന്നു. ഈ ആവശ്യം ഇതിനകം തന്നെ നടപ്പിലാക്കി കഴിഞ്ഞു. മറ്റുള്ള കത്തുകളിലെ ആവശ്യം പെർഫോർമൻസ് ഇൻസെന്റീവിനിനെ സംബന്ധിച്ച് യൂണിയനുമായി വീണ്ടും ചർച്ച ചെയ്യണമെന്നും അന്തിമതീരുമാനം എടുക്കണമെന്നുമായിരുന്നു. ഈ വിഷയം 1999 സെപ്തംബർ 18, 19 തീയതികളിൽ യൂണിയനുകളുടെ പ്രതിനിധികളുമായി ചർച്ച നടത്തി അന്തിമ തീരുമാനം കമ്പനി എടുത്തിട്ടുള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച കരാറിൽ യൂണിയൻ പ്രതിനിധികൾ ഒപ്പു വച്ചില്ല. തീരുമാനം കമ്പനി ഏകപക്ഷീയമായി നടപ്പിലാക്കുന്നുണ്ട്. കമ്പനിക്ക് കൊടുക്കാൻ കഴിയുന്നതിന്റെ പരമാവധി തുക സർക്കാരിന് നിലവിലുള്ള ബോണസ് മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ഇളവു വരുത്തിയാണ് നൽകിയത്. ഈ കാര്യത്തിൽ ഇനിയൊരു ചർച്ചയുടെ ആവശ്യം ഇപ്പോൾ ഉണ്ടെന്ന് യൂണിയൻ പ്രതിനിധികളും മാനേജുമെന്റും തമ്മിൽ 30.11.99-ൽ നടന്ന ചർച്ചയിൽ ചെയർമാൻ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു സമരം നടത്തി പരിഹരിക്കേണ്ട പ്രശ്നമൊന്നുമില്ല. വല്ല പ്രശ്നവും ബാക്കിയുണ്ടെങ്കിൽ ഇനി ചർച്ച ചെയ്യാനും ക്രിയാത്മകമായ സമീപനത്തിനും ഗവണ്മെന്റ് തയ്യാറാണ്. കേരളാ സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഫിനാൻഷ്യൽ എന്റർപ്രൈസിലെ ശമ്പള പരിഷ്കരണവും അവർക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നു. വളരെ സ്തുത്യർഹമായ ശമ്പളമാണ്. അല്ലെന്ന് പറയാൻ പറ്റില്ല. കെ.എഫ്.സി.ക്കും കെ.എസ്.എഫ്.ഇ. ക്കും നല്ല ശമ്പളമാണ് നൽകുന്നത്. അത് കിട്ടിയാൽ മതിയെന്ന് പറഞ്ഞ് ആളുകൾ മോഹിച്ചു നടക്കുകയാണ്. അതൊക്കെ ലാഭകരമായി നടക്കുന്നുണ്ട്. നല്ല ശമ്പളവും കൊടുക്കുന്നുണ്ട്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസും (ബി.പി.ഇ) ഫൈനാൻസും ശക്തിയായിട്ട് ഒബ്ജക്ടു ചെയ്തിട്ടും അത് ഓവർ റൂൾ ചെയ്തിട്ടാണ് കാബിനറ്റ് തീരുമാനിച്ചത്. അതുകൊണ്ട് സമരത്തിന്റെ പാത ഉപേക്ഷിച്ചിട്ട് നമുക്ക് ഒരു കൺസീലിയേഷനിലേക്ക് നീങ്ങുന്നതാണ് നല്ലത്.

(6) മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. ഉമ്മൻ ചാണ്ടി : കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായി. മെഷിനറി പകുതിയിലധികം എത്തി. ബാക്കി മെഷിനറിക്ക് ഓർഡർ കൊടുത്തു. അത് തയ്യാറായി കിടക്കുകയാണ്. ആ സ്ഥാപനത്തിന് സഹകരണബാങ്കിൽ നിന്നാണ് ടേം ലോൺ കിട്ടേണ്ടത്. അത് അനുവദിക്കാത്തതുകൊണ്ട് ഇതിന്റെ ഉല്പാദനം നടത്താൻ സാധിക്കാതിരിക്കുകയാണ്. ഇരുനൂറിലധികം തൊഴിൽരഹിതരായ ചെറുപ്പക്കാർ 25000 രൂപ ഷെയർ എടുത്ത് രൂപം കൊടുത്ത സ്ഥാപനമാണ്. ടേം ലോൺ കിട്ടിയാൽ ആറുമാസത്തിനകം മിൽ പ്രവർത്തനം തുടങ്ങാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് ഒരു വ്യവസായ യൂണിറ്റ് ആറുമാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ള സ്ഥിതിയാണുള്ളത്. ഇതിനുമുൻപ് ആരംഭിച്ചതാണെങ്കിലും ഇടക്ക് മുടങ്ങിക്കിടന്ന കായംകുളത്തെ സ്പിന്നിംഗ് മിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കാരണം, യഥാസമയം സഹകരണബാങ്കിൽ നിന്നും ലോൺ കിട്ടി. ബഹുമാനപ്പെട്ട വ്യവസായമന്ത്രി ഒരിക്കൽ കോൺഫറൻസ് വിളിച്ചുകൂട്ടി. വ്യവസായ മന്ത്രി അക്കാര്യത്തിൽ താൽപര്യമെടുത്തിട്ടുണ്ട്. പക്ഷേ നമുക്ക് സഹകരണ ബാങ്കിൽ നിന്നും ലോൺ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അടിയന്തിരമായി സഹകരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രോജക്ട് ഉണ്ടാക്കുന്ന അവസരത്തിൽ ഗവണ്മെന്റ് വിഭാവന ചെയ്തതുപോലുള്ള ടേം ലോൺ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. 200-ൽ അധികം ചെറുപ്പക്കാർ ഈ സ്ഥാപനം തുടങ്ങാൻ വർഷങ്ങളായി കാത്തിരിക്കുകയാണ്. എത്രയും വേഗം അതിന്റെ പ്രൊഡക്ഷൻ തുടങ്ങത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കണം. അതിന് അടിയന്തിരമായി കോൺഫറൻസ് വിളിച്ചു കൂട്ടണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, പ്രിയദർശിനി സ്പിന്നിംഗ് മിൽ തുടങ്ങാൻ ഉദ്ദേശിച്ച സമയത്ത് സഹകരണ ബാങ്ക് അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളുമായി ടേം ലോണിന് യാതൊരുവിധ സംവിധാനങ്ങളും ഏർപ്പെടുത്തിയിരുന്നില്ല. സർക്കാരിൽ നിന്നും അഞ്ചു സ്പിന്നിംഗ് മില്ലുകൾ തുടങ്ങുന്നതിനായി അനുവദിച്ച തുകയിൽ നിന്നും ഈ മില്ലിന് അർഹതപ്പെട്ട തുക നൽകുകയുണ്ടായി. ഷെയർ ക്യാപിറ്റൽ 70 ലക്ഷം രൂപ, സർക്കാർ ലോൺ 255 ലക്ഷം രൂപ, ടെക്സ് ഫെഡ് നൽകിയത് 10 ലക്ഷം രൂപ, അങ്ങനെ 335 ലക്ഷം രൂപ. ബാക്കി വേണ്ടുന്ന തുകയ്ക്ക് തുടക്കത്തിൽ തന്നെ ധനകാര്യസ്ഥാപനങ്ങളു

LIBRARY ARCHIVES Kerala Legislative Assembly